# ദുക്റാന തിരുന്നാൾ

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ,

വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുന്നാൾ ജൂലൈ 3–ാം തിയതി സഭാദിനമായി നാം ആചരിക്കുകയാണല്ലോ. സഭാദിനത്തിന്റെ പ്രാധാന്യത്തെപ്പറ്റിയുള്ള മേജർ ആർച്ച് ബിഷപ്പിന്റെ ഇടയലേഖനം വിശ്വാസതീക്ഷ്ണതയിൽ വളരാൻ നമ്മെ ആഹ്വാനം ചെയ്യുന്നുണ്ട്. ദുക്റാന തിരുന്നാൾ സമുചിതം ആചരിക്കാൻ എല്ലാവരെയും അനുസ്മരിപ്പിക്കുന്നു. ഓരോ സ്ഥലത്തെയും സാഹചര്യമനുസരിച്ച് ജൂലൈ 3–ാം തിയതി തന്നെയോ, അതിനടുത്ത ദിവസമോ ഈ ആചരണം നടത്തുമല്ലോ. സാധിക്കുമെങ്കിൽ നമ്മുടെ കുർബാനയർപ്പണത്തിന്റെ എറ്റവും ആഘോഷമായ റാസ ആ ദിനത്തിൽ അർപ്പിക്കുന്നത് അർത്ഥവത്തായിരിക്കും. സഭയ്ക്ക് വേണ്ടി പ്രാർത്ഥിക്കാൻ അന്നേ ദിവസം നാം മറക്കരുത്.

സഭാസിനഡിന്റെ ആഹ്വാനപ്രകാരം സഭയുടെ പൊതുവായ പ്രവർത്തനങ്ങൾക്കായി, ഇടവകകളുടെയും കമ്മ്യൂണിറ്റികളുടെയും അംഗസംഖ്യ അനുസരിച്ച് ആൾ ഒന്നുക്ക് രണ്ട് ഡോളറെങ്കിലും സംഭാവന ചെയ്യാൻ എല്ലാവരെയും ഓർമ്മിപ്പിക്കുന്നു. ബഹുമാനപ്പെട്ട വൈദികർ ഇക്കാര്യം നേരത്തെ തന്നെ വിശ്വാസസമൂഹത്തെ അറിയിച്ച് തക്കസമയത്ത് തന്നെ സംഖ്യ രൂപത കേന്ദ്രത്തിൽ എത്തിക്കുമല്ലോ. സഭയുടെ സിനഡിന്റെ പ്രവർത്തനങ്ങൾക്കും മറ്റു പൊതുപ്രവർത്തനങ്ങൾക്കുമായാണ് ഈ സംഖ്യ വിനിയോഗിക്കുന്നത്. എല്ലാവരും ഔദാര്യപൂർവ്വം സഹകരിക്കുമല്ലോ.

''എന്റെ കർത്താവേ എന്റെ ദൈവമേ'' എന്ന് തന്റെ വിശ്വാസം ഉച്ചൈസ്തരം ഏറ്റുപറഞ്ഞ നമ്മുടെ പിതാവായ തോമാശ്ലീഹായുടെ മാദ്ധ്യസ്ഥം വഴി ദൈവാനുഗ്രഹത്തിനായി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം

സസ്നേഹം

**+ബിഷപ്പ് ബോസ്കോ പുത്തൂർ** 16 ജൂൺ 2017